# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 5116

04/07/2012 - ൽ മറുപടിയ്ക്ക്

### വാർഡൻ, ഹെഡ് വാർഡൻമാരുടെ ഡ്യൂട്ടിസമയം

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ജയിൽ വകുപ്പിൽ സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ, സെൻട്രൽ ജയിൽ, ഓപ്പൺ ജയിൽ എന്നിവിടങ്ങളിലെ വാർഡൻ, ഹെഡ് വാർഡൻ എന്നീ ജീവനക്കാർക്ക് രാത്രിയിലും പകലും നൽകുന്ന ഡ്യൂട്ടിക്രമവും സമയവും സംബന്ധിച്ച് വിശദാംശം നൽകാമോ ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഹെഡ് വാർഡന് 12 മണിക്കൂർ മുതൽ 24 മണിക്കൂർ വരെ തുടർച്ചയായി ഡ്യൂട്ടി നൽകുന്നുണ്ടോ ; എങ്കിൽ ഇതിന് മാറ്റം വരുത്തുമോ ; | (ബി) യും (സി) യും : പരിശോധിക്കാവുന്നതാണ്. |
| (സി) ജയിൽ വകുപ്പിനാകെ ബാധകമാകുന്ന തരത്തിൽ വാർഡൻ, ഹെഡ് വാർഡൻ തസ്തികയിൽ ഏകീകൃതമായ ഡ്യൂട്ടി ക്രമവും സമയവും ജയിൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | |
| (ഡി) വാർഡൻ, ഹെഡ് വാർഡൻ തസ്തികകളിൽ രാത്രിയും പകലും ഡ്യൂട്ടി സംബന്ധിച്ച് `മുള്ളാ കമ്മീഷൻ' റിപ്പോർട്ടിലും `ഉദയഭാനു കമ്മീഷൻ' റിപ്പോർട്ടിലും എന്തെല്ലാം ശുപാർശകളാണുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ഇതു സംബന്ധിച്ച് പരാമർശം ഉള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | സ്ഥാപനം | തസ്തിക | പകൽഡ്യൂട്ടി | രാത്രി ഡ്യൂട്ടി |
|---|---|---|---|---|
| 1 | സെൻട്രൽ ജയിൽ | വാർഡർ | 12 മണിക്കൂർ<br>a)രാവിലെ 6.00 am മുതൽ വൈകുന്നേരം 6.00 pm വരെ.<br>(9.00 am മുതൽ 12 pm വരെയും 3.30 pm മുതൽ 4.15 pm വരെ റെസ്റ്റ് കൊടുക്കുന്നു)<br>b) 2nd term : 9.00 am ന് കയറുന്ന ജീവനക്കാർക്ക് 12 മുതൽ 3 pm വരെ റെസ്റ്റ് കൊടുക്കുന്നു. 3.30 pm മുതൽ 6.00 am വരെ വീണ്ടും ജോലിനോക്കുന്നു. | 12 മണിക്കൂർ (വൈകുന്നേരം 6 pm മുതൽ രാവിലെ 6.00 am വരെ) (മൂന്ന് മണിക്കൂർ ഇടവിട്ട് റിസർവ്/റെസ്റ്റ് കൊടുക്കുന്നു) |
| | | ഹെഡ് വാർഡർ | 6.00 am മുതൽ 6.00 pm വരെ തുടർച്ചയായി ജോലി നോക്കുന്നു. | വൈകുന്നേരം 6 pm മുതൽ 12 pm വരെ ജോലി നോക്കുന്നവർ, 12 മുതൽ 6 മണി വരെ റിസർവ്വും 12 pm മുതൽ 6 am വരെ ജോലി നോക്കുന്നവർ ആദ്യടേൺ ഡ്യൂട്ടി റിസർവ്വായി ജോലി നോക്കുന്നു. |
| 2 | ജില്ലാ ജയിൽ | വാർഡർ, | 12 മണിക്കൂർ | 12 മണിക്കൂർ |
| | | ഹെഡ് വാർഡർ | ,, | ,, |
| 3 | തുറന്ന ജയിൽ | വാർഡർ, | 12 മണിക്കൂർ | 12 മണിക്കൂർ |
| | | ഹെഡ് വാർഡർ | ,, | ,, |
| 4 | സ്പെഷ്യൽ സബ് ജയിൽ | വാർഡർ, | 12 മണിക്കൂർ | 12 മണിക്കൂർ |
| | | ഹെഡ് വാർഡർ | ,, | ,, |
| 5 | സബ് ജയിൽ | വാർഡർ, | 12 മണിക്കൂർ | 12 മണിക്കൂർ |
| | | ഹെഡ് വാർഡർ | ,, | ,, |

സെക്ഷൻ ഓഫീസർ